# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 328 — 24.02.2016-ൽ മറുപടിയ്ക്ക്

## സ്വകാര്യ ഭൂമിയിൽ മരം വച്ചുപിടിപ്പിക്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>,, ആർ.സെൽവരാജ്<br>,, എം.പി.വിൻസെന്റ്<br>,, എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) സ്വകാര്യ ഭൂമിയിൽ മരം വച്ചുപിടിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട് ; | എ) സംസ്ഥാനത്തെ സ്വകാര്യ ഭൂമികളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോൽസാഹന ധനസഹായം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. 17.02.2012-ലെ ജി.ഒ (ആർ.റ്റി) നമ്പർ 99/12/വനം , 29.09.2012 ലെ ജി.ഒ (ആർ.റ്റി) 486/12/വനം എന്നിവ പ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ടു പാലിക്കുന്നവർക്ക് തൈകളുടെ എണ്ണം അനുസരിച്ച് മൂന്ന് തലങ്ങളിലായാണ് ധനസഹായം നൽകുന്നത്. 50 തൈകൾ മുതൽ 200 തൈകൾ വരെ തൈ ഒന്നിന് 50/- രൂപ നിരക്കിലും, 201 മുതൽ 400 എണ്ണം തൈകൾക്ക്തൈ ഒന്നിന് 40/- രൂപ നിരക്കിലും, 401 മുതൽ 625 എണ്ണം തൈകൾക്ക് തൈ ഒന്നിന് 30/- രൂപ നിരക്കിലുമാണ് ധനസഹായം നൽകുന്നത്. |

കൂടാതെ സ്വകാര്യ ഭൂമിയിൽ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനായി വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടുകൂടി "എന്റെ മരം:, 'നമ്മുടെ മരം', എന്നീ പദ്ധതികളിലൂടെ വിവിധയിനം വൃക്ഷത്തൈകൾ സൗജന്യ വിതരണം ചെയ്യുന്നുണ്ട്. പൊതുജനങ്ങൾ മതസംഘടനകൾ, എൻ.ജി.ഒ എന്നിവരുടെ പങ്കാളിത്തത്തോടെയും വിവിധയിനം വൃക്ഷത്തൈകൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നു.

ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്?

ബി) സ്വകാര്യ ഭൂമിയുടെ ശോഷിച്ചുവരുന്ന ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനോടൊപ്പം വൃക്ഷാവരണം, തടിയുൽപ്പാദനം എന്നിവ വർദ്ധിപ്പിക്കുകയും, സർവ്വ സാധാരണമായി ഉപയോഗിക്കുന്ന തടിയിനങ്ങളിൽ സ്വയം പര്യാപ്തത കൈവരിക്കുകയും അതുവഴി ഭൂവുടമകൾക്ക് അധികവരുമാനം ലഭ്യമാക്കുന്നതിനിടയാക്കുന്നതിനും വേണ്ടി യുള്ള പദ്ധതിയാണിത്. നിലവിലുള്ള വിളകളുടെ വിലയിൽ ഇടയ്ക്കിടെ യുണ്ടാകുന്ന വ്യതിയാനങ്ങളെ വൃക്ഷം വളർത്തൽ മുഖേന ചെറുക്കുന്നതിന് കർഷകരെ സഹായിക്കുക. വൃക്ഷം വളർത്തലിനെ മറ്റൊരു കാർഷിക വൃത്തിയാക്കുവാൻ കർഷകരെ പ്രോൽസാഹിപ്പിക്കുക, ഇതുവഴി സ്വകാര്യ കൈവശസ്ഥലങ്ങളെ ഹരിതാഭമാക്കുക, ജൈവവൈവിധ്യം പരിപോഷിപ്പിക്കുക, ആവാസ വ്യവസ്ഥാ-സേവനങ്ങൾ വർദ്ധിച്ച അളവിൽ ജനങ്ങൾക്ക് ലഭ്യമാക്കുക എന്നിവ കൂടാതെ, ആഗോളതാപനത്തെയും, കാലാവസ്ഥാ വ്യതിയാനത്തെയും ചെറുത്ത് അതിന്റെ ദൂഷ്യഫലങ്ങൾ ലഘൂകരിക്കുകയെന്നതും ഈ പദ്ധതി മുഖേന ലക്ഷ്യമിട്ടുന്നുണ്ട്.

സി ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരി ച്ചിട്ടുണ്ട്?

സി) എല്ലാ വർഷവും ഓഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ മാധ്യമങ്ങളിൽ ഇതിനായുള്ള പരസ്യം പ്രസിദ്ധീകരിച്ച് എല്ലാ ജില്ലകളിലും അപേക്ഷകൾ ക്ഷണിക്കുകയും, ബന്ധപ്പെട്ട സോഷ്യൽ ഫോറസ്ട്രി വിഭാഗം റെയിഞ്ച് ഓഫീസർ നിശ്ചിത പ്രൊഫോർമയിൽ അപേക്ഷകൾ സ്വീകരിച്ച് ആയതിന്മേൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ സ്ഥലപരിശോധന നടത്തി പരിശോധന റിപ്പോർട്ടും, അപേക്ഷയും ജനപ്രതിനിധികളുൾപ്പെടെയുള്ള പഞ്ചായത്തുതല കമ്മിറ്റിയുടെ വിലയിരുത്തലിനു ശേഷം ശുപാർശകളോടെ ജില്ലാതല കമ്മിറ്റിയ്ക്ക് നൽകുകയും, സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ കൺവീനറായുള്ള ജില്ലാതല കമ്മിറ്റി ആയവ പരിഗണിച്ച് ധനസഹായം തീരുമാനിച്ച്, ഫണ്ടിന്റെ ലഭ്യത അനുസരിച്ച് അക്കൗണ്ട് പേയീ ചെക്കായി തുക അപേക്ഷകന് നൽകുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ